ധനകാര്യ (എക്സ്പെൻഡിച്ചർ) സെക്രട്ടറി, 77/2011/ധന. എന്ന നമ്പരിൽ 2.11.2011-ാം തീയതി ആരോഗ്യ വകുപ്പ് ഡയറക്ടർ തിരുവനന്തപുരത്തിന് അയച്ച സർക്കുലറിന്റെ ശരിപകർപ്പ്.

.....

വിഷയം:- സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച് -

.....

സർവ്വീസിൽ നിന്നും വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല പെൻഷൻ ആനുകൂല്യങ്ങൾ നിശ്ചിത സമയത്തിനകംതന്നെ നൽകുന്നതിനായി ഇതിനോടകം ധാരാളം ഉത്തരവുകളും, സർക്കുലറുകളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യങ്ങളൊന്നും തന്നെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുമ്പോൾ പാലിക്കുന്നില്ല എന്ന് കാണുന്നു. പെൻഷൻ അനുവദിക്കുവാൻ കാലതാമസം ഉണ്ടാകുമ്പോൾ പലിശയിനത്തിൽ സർക്കാറിന് അധികം സാമ്പത്തികനഷ്ടം ഉണ്ടാകുന്നു. ആയതിനാൽ വിരമിച്ച ദിവസം തന്നെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് എല്ലാ പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റിമാരും താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. വിരമിക്കുന്ന ഉദ്യോഗസ്ഥന്റെ അപേക്ഷ ലഭിക്കുന്നതുവരെ കാത്തിരിക്കാതെ ടിയാൻ വിരമിക്കുന്നതിന് 3 വർഷം മുമ്പ് ജോലി ചെയ്തിരുന്ന ആഫീസുകളിൽ നിന്നും എൽ.സി/എൻ.എൽ.സി ലഭ്യമാക്കേണ്ടതാണ്.

2. വിരമിക്കുന്ന ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ, അവ എത്രയും വേഗം തീർപ്പാക്കേണ്ടതാണ്.

3. ആഡിറ്റ് ക്ലിയർ ചെയ്യുവാൻ സാങ്കേതികമായി തടസ്സമുണ്ടെങ്കിൽ ബാധ്യത ഉണ്ടാകുന്നപക്ഷം തിരിച്ചടയ്ക്കുകയോ തിരിച്ച് പിടിക്കുന്നതിന് സമ്മതമാണ് എന്നോ ഉള്ള സാക്ഷ്യപത്രത്തിന്മേൽ ഡി.സി.ആർ.ജി അനുവദിക്കേണ്ടതാണ്.

4. വിരമിച്ച ഉദ്യോഗസ്ഥനെതിരെ വിജിലൻസ്/കോടതി കേസുകൾ നിലവിലുണ്ടെങ്കിൽ എത്രയും വേഗം തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5. വിജിലൻസ് കോടതി കേസ് ഉള്ളവ ഒഴികെയുള്ള എല്ലാ വിഭാഗത്തിനും വിരമിച്ച തീയതിതന്നെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണ്.

6. വിജിലൻസ് /കോടതി കേസ് ഒഴികെ വിരമിച്ച് ഒരു വർഷത്തിനകം ഉദ്യോഗസ്ഥന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലെങ്കിൽ പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റിക്കെതിരെ അച്ചടക്ക നടപടി എടുക്കുന്നതായിരിക്കും.

(ഒപ്പ്)
സഞ്ജയ്ഗാർഗ്
ധനകാര്യ(എക്സ്പെൻഡിച്ചർ)സെക്രട്ടറി

**മേലെഴുത്ത് കത്ത് നം.ഒ&എം4-60800/2011/ആ.വ.ഡ.തീയതി.8.12.2011.**

പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും, എല്ലാ സെക്ഷനുകൾക്കും അടിയന്തിര നടപടിക്കായി നൽകുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി